**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ്- കോളേജ് വിദ്യാഭ്യാസം- ജീവനക്കാര്യം- സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.**31/2026/HEDN** തീയതി,തിരുവനന്തപുരം, **16-01-2026**

---

പരാമർശം:-

1. സ.ഉ.(കൈ)നം.**155/2020**/ഉവിവ തീയതി **01.04.2020**
2. സ.ഉ.(കൈ)നം.**193/2020**/ഉവിവ തീയതി **25.05.2020**
3. സ.ഉ.(കൈ)നം.**313/2020**/ഉ.വി.വ തീയതി **11.09.2020**
4. സ.ഉ.(കൈ)നം.**389/2020**/ഉവിവ തീയതി **05.11.2020**
5. സ.ഉ.(കൈ)നം.**431/2020**/ഉവിവ തീയതി **11.12.2020**
6. സ.ഉ.(കൈ)നം.**473/2020**/ഉവിവ തീയതി **30.12.2020**
7. സ.ഉ.(കൈ)നം.**112/2021**/ഉവിവ തീയതി **17.02.2021**
8. സ.ഉ.(കൈ)നം.**150/2021**/ഉവിവ തീയതി **25.02.2021**
9. സ.ഉ.(സാധാ)നം.**770/2024**/ഉവിവ തീയതി **29.06.2024**
10. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ **06.11.2025** തീയതിയിലെ **A1/21558/2023/DCE** നമ്പർ കത്ത്
11. സ.ഉ.(സാ.ധാ)നം.**52/2026**/ഉവിവ തീയതി **13.01.2026**

**ഉത്തരവ്**

പരാമർശം **(4), (5), (6), (7), (8),** സർക്കാർ ഉത്തരവുകൾ പ്രകാരം സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ വിവിധ വിഷയങ്ങളിലായി പുതിയതായി കോഴ്സുകൾ ആരംഭിക്കുകയും ടി കോഴ്സുകളിലേക്ക് **2025** വരെ പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ പാടില്ല എന്ന് ഉത്തരവാകുകയും ചെയ്തിരുന്നു.

**2.** പരാമർശം **(1), (2)** ഉത്തരവുകൾ പ്രകാരം സർക്കാർ/എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിൽ അധ്യാപകരുടെ ജോലിഭാരം **16** മണിക്കൂർ ആക്കി ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന് പരാമർശം **(3)** ഉത്തരവ് പ്രകാരം **01/06/2020** മുതൽ പ്രാബല്യം നൽകിയിരുന്നു. ആയതിനാൽ മതിയായ വർക്ക്

Scanned with OKEN Scanner

ലോഡ് ഇല്ലാത്ത തസ്തികകൾ നിലനിൽക്കുന്ന വിഷയങ്ങളിൽ **01.06.2020-** ന് ശേഷം നിയമനം നൽകിയിട്ടില്ല. ഇത് കൂടാതെ, നാലുവർഷ ബിരുദ കോഴ്സിന്റെ ആദ്യ ബാച്ച് പഠനം പൂർത്തിയാകുന്നത് വരെ സർക്കാർ/എയ്ഡഡ് കോളേജുകളിൽ നിലവിൽ അനുവദിക്കപ്പെട്ട മുഴുവൻ ജോലിഭാരവും തസ്തികകളും തൽസ്ഥിതി നില നിർത്തി ലോക്ക് ചെയ്ത് പരാമർശം **(9)** പ്രകാരം ഉത്തരവായിരുന്നു.

**3.** യു ജി സി മാനദണ്ഡപ്രകാരം എംഫിൽ കോഴ്സ് നിർത്തലാക്കിയത് മൂലവും പി.ജി വെയിറ്റേജ് ഒഴിവാക്കിയത് കൊണ്ടും സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ അധികമായി കണ്ടെത്തിയ തസ്തികകൾ ക്രമീകരിക്കുന്നതിനും വിവിധ വിഷയങ്ങളിലായി നിലവിലുള്ള അധിക അധ്യാപക തസ്തികകളുടെ വിന്യാസത്തിന് ശേഷം **Retirement/Relieved/Death** എന്നിവ മൂലം ഉണ്ടായ **90** തസ്തികകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും പുതിയതായി ആരംഭിച്ചതും **2025** ന് ശേഷം തസ്തിക സൃഷ്ടിക്കേണ്ടതുമായ കോഴ്സുകളിൽ **16** മണിക്കൂർ വർക്ക് ലോഡുള്ള വിഷയങ്ങളിൽ ആകെ **48** തസ്തികകൾ സൃഷ്ടിക്കുന്നതിനുമായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാമർശം **(10)** പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

**4.** കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം **(10)** പ്രകാരമുള്ള പ്രൊപ്പോസൽ പ്രകാരം കോളേജ് വിദ്യാഭ്യാസ വകുപ്പിലെ വിവിധ കോളേജുകളിലായി വിവിധ വിഷയങ്ങളിൽ നിലനിൽക്കുന്ന അധിക അധ്യാപക തസ്തികകളിൽ നിന്നും **154** തസ്തികകൾ പുനഃ വിന്യസിച്ച് പരാമർശം **(11)** പ്രകാരം ഉത്തരവായി.

**5. 2020-2021** അദ്ധ്യയന വർഷത്തിൽ വിവിധ സർക്കാർ കോളേജുകളിൽ ആരംഭിച്ച പുതിയ കോഴ്സുകളിൽ **16** മണിക്കൂർ വർക്ക് ലോഡുള്ള വിവിധ വിഷയങ്ങളിൽ **202** അദ്ധ്യാപക തസ്തികകൾ ആവശ്യമുണ്ട്. ആയതിൽ **154** എണ്ണം അധിക തസ്തികകൾ ഷിഫ്റ്റ് ചെയ്യുന്നതിലൂടെ പരിഹരിക്കപ്പെടുന്നതാണ്. ബാക്കിയുള്ള **48** തസ്തികകൾ പുതിയതായി സൃഷ്ടിക്കേണ്ടതുണ്ട് എന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാമർശം **(10)** പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

**6.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം **(4), (5), (6), (7), (8),** സർക്കാർ ഉത്തരവുകൾ പ്രകാരം സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ വിവിധ വിഷയങ്ങളിലായി പുതിയതായി കോഴ്സുകൾ ആരംഭിക്കുകയും എന്നാൽ **2025** വരെ തസ്തികകൾ സൃഷ്ടിക്കുവാൻ പാടില്ല എന്ന് ഉത്തരവായതുമായ, **16** മണിക്കൂർ വർക്ക് ലോഡുള്ള വിഷയങ്ങളിൽ ആകെ **48** അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾ ചുവടെ ചേർക്കുന്ന പട്ടിക പ്രകാരം സൃഷ്ടിച്ച് ഉത്തരവാകുന്നു.

Scanned with OKEN Scanner

| ക്രമ നമ്പർ | വിഷയം | തസ്തികകളുടെ എണ്ണം | തസ്തിക സൃഷ്ടിക്കേണ്ട കോളേജ് |
|---|---|---|---|
| 1 | ഫിസിക്കൽ എഡ്യൂക്കേഷൻ | 10 | 1. ഗവ. കോളേജ്, കരുനാഗപ്പള്ളി<br>2. ഗവ. കോളേജ്, വൈപ്പിൻ<br>3. ഗവ. കോളേജ്, ശാന്തൻപാറ<br>4. ഗവ. കോളേജ്, നിലമ്പൂർ<br>5. ഗവ. വിമൻസ് കോളേജ്, മലപ്പുറം<br>6. ഗവ. കോളേജ്, തോലന്നൂർ<br>7. യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം<br>8. മഹാരാജാസ് കോളേജ്, എറണാകുളം<br>9. ഗവ. കോളേജ്, കോട്ടയം<br>10. ശ്രീ സി. അച്യുതമേനോൻ ഗവ. കോളേജ്, തൃശ്ശൂർ |
| 2 | ഇംഗ്ലീഷ് | 10 | 1. ഗവ. കോളേജ്, കട്ടപ്പന (3)<br>2. ഗവ. ആർട്സ് & സയൻസ് കോളേജ്, കോഴിക്കോട് (2)<br>3. ഗവ. കോളേജ്, കുളത്തൂർ (1)<br>4. ഗവ. കോളേജ്, പെരിങ്ങോം (1)<br>5. ഗവ. കോളേജ്, തിരൂർ (1)<br>6. ഗവ. കോളേജ്, നാദാപുരം (1)<br>7. ഗവ. ആർട്സ് & സയൻസ് കോളേജ്, കരിന്തളം (1) |

Scanned with OKEN Scanner

| | | | |
|---|---|---|---|
| 3 | ജിയോഗ്രഫി | 10 | 1. ഗവ. ആർട്സ് & സയൻസ് കോളേജ്, നിലമ്പൂർ (5)<br>2. ഗവ. ആർട്സ് & സയൻസ് കോളേജ്, തോലന്നൂർ (4)<br>3. ഗവ. ആർട്സ് & സയൻസ് കോളേജ്, കുളത്തൂർ (1) |
| 4 | കമ്പ്യൂട്ടർ സയൻസ് | 3 | 1. കെ.ബി.എം. ഗവ. കോളേജ്, ചൊക്ലി (2)<br>2. ശ്രീ സി. അച്യുതമേനോൻ ഗവ. കോളേജ്, തൃശൂർ (1) |
| 5 | ഇലക്ട്രോണിക്സ് | 3 | ഗവ. കോളേജ്, മാനന്തവാടി (3) |
| 6 | ബി.ബി.എ. (B.B.A.) | 3 | ഗവ. ലോ കോളേജ്, കോഴിക്കോട് (3) |
| 7 | പൊളിറ്റിക്കൽ സയൻസ് | 2 | ഇ.കെ.എൻ.എം. ഗവ. കോളേജ്, എളേരിത്തട്ട് (2) |
| 8 | സൈക്കോളജി | 3 | 1. ഗവ. ആർട്സ് & സയൻസ് കോളേജ്, മങ്കട (2)<br>2. ഗവ. വിക്ടോറിയ കോളേജ്, പാലക്കാട് (1) |
| 9 | ട്രാവൽ & ടൂറിസം | 2 | ജി.പി.എം. ഗവ. കോളേജ്, മഞ്ചേശ്വരം (2) |
| 10 | കെമിസ്ട്രി | 1 | എൻ.എം.എസ്.എം. ഗവ. കോളേജ്, കൽപ്പറ്റ (1) |

Scanned with OKEN Scanner

| | | | |
|---|---|---|---|
| 11 | സ്റ്റാറ്റിസ്റ്റിക്സ് | 1 | ഗവ. കോളേജ്, കൊടുവള്ളി |
| | **ആകെ** | **48** | |

7. മേൽ പ്രകാരം സൃഷ്ടിച്ച അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (14.01.2026 തീയതിയിലെ ഇനം നം. 3544 തീരുമാന പ്രകാരം)
ധനകാര്യ (വിദ്യാഭ്യാസ ബി) വകുപ്പ് (10.12.2025 തീയതിയിലെ 2831658/EDN-B3/88/2024-FIN നമ്പർ അഭിപ്രായ പ്രകാരം)
നോഡൽ ഓഫീസർ (www.highereducation.kerala.gov.in)
വിവര-പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വിഭാഗം
കരുതൽ ഫയൽ/ഓഫീസ് കോപ്പി (എഫ്2/173/2024-ഉവിവ)

ഉത്തരവിൻ പ്രകാരം
Signed by
Sobha D
Date: 17-01-2026 11:01:44
സെക്ഷൻ ഓഫീസർ

Scanned with OKEN Scanner